Santhigiri

ഗുരുവാണി

'ഭക്തി വർദ്ധിക്കുമ്പോൾ സ്നേഹിക്കുന്ന വകയിൽ കുളിർമയുണ്ടാകും. ഞാൻ വളരെക്കുറച്ചേ ചെയ്തിട്ടുള്ളൂ എന്ന വിനയം വരും. അങ്ങനെയുള്ള ഭക്തിയാണ് നിലനിർത്തേണ്ടത്.'

ഉമ്മിണിതങ്കം

VOL 05 | ISSUE 17 | 2019 ഏപ്രിൽ 28 | 1194 മേടം 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# നവഒലിജ്യോതിർദിനം : ശാന്തിസംഗമം മെയ് 3 മുതൽ 5 വരെ

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നവഒലിജ്യോതിർദിനം-20 സർവ്വമംഗളസുദിനത്തിന്റെ ഭാഗമായി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ സ്പിരിച്വൽ സോൺ ഗുരുവിന്റെ ഉദ്യാനത്തിൽ വച്ച് മെയ് 3 മുതൽ 5 വരെ നവഒലി ശാന്തിസംഗമം നടക്കും. മെയ് 3ന് വൈകുന്നേരം 7ന് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി ശാന്തിസംഗമം ഉദ്ഘാടനം ചെയ്യും. മെയ് 4ന് ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി ശാന്തിസംഗമത്തിൽ പ്രഭാഷണം നടത്തും. മെയ് 5ന് നടക്കുന്ന സമാപനസമ്മേളനം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും.




നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് ഏപ്രിൽ 28ന് വൈകുന്നേരം 4 മണിക്ക് ആശ്രമപരിസരം ശുചീകരിക്കും. ഗൃഹസ്ഥാശ്രമസംഘം 12 യൂണിറ്റുകൾ ചേർന്നാണ് ശുചീകരണം നടത്തുക. ശുചീകരണം നടത്തേണ്ട സ്ഥലങ്ങൾ ഇപ്രകാരമാണ്. സ്കൂൾ ഗേറ്റ് മുതൽ ഗേറ്റ് നമ്പർ 5 വരെ സ്പിരിച്വൽ സോൺ - ജ്യോതിപുരം, ഗേറ്റ് നമ്പർ 4ലൂടെ സ്പിരിച്വൽ സോൺ ഉൾവശം - കരുണപുരം, ഗേറ്റ് നമ്പർ 5 വഴി 6ലൂടെ സ്പിരിച്വൽ സോൺ - കാഞ്ഞാംപാറ, ഗേറ്റ് നമ്പർ 4 മുതൽ 3 വരെയും കരുണ ശുദ്ധജലസംഭരണി പരിസരവും - ശാന്തിപുരം, ഗസ്റ്റ് ഹൗസ്, ഷോപ്പിംഗ് മാൾ, കരുണ ശുദ്ധജലസംഭരണി പരിസരം - സ്നേഹപുരം, പൂലന്തറ മുതൽ ഗേറ്റ് നമ്പർ 2 (ഒരുവശം) - ശാന്തിഗിരി ജംഗ്ഷൻ, പൂലന്തറ മുതൽ ഗേറ്റ് നമ്പർ 2 (മറുവശം) - ലക്ഷ്മിപുരം, ഗേറ്റ് നമ്പർ 2 മുതൽ ക്യാന്റീനിന്റെ വശത്തുകൂടി കമ്മ്യൂണിറ്റി കിച്ചൺ - ആനന്ദപുരം, ശീതളം പാനീയ ഷോപ്പ് മുതൽ സ്മോക്ക്ലസ്സ് കിച്ചൺ വരെ - ജനസേവികപുരം, സ്മോക്ക്ലസ്സ് കിച്ചൺ മുതൽ ഗേറ്റ്നമ്പർ 1 വരെ - രത്നഗിരി, ഹൈടെക് ഫാമിംഗ് മുതൽ റിസർച്ച് സോൺ ജലസംഭരണി വരെ - പോത്തൻകോട്, റിസർച്ച് സോൺ ജലസംഭരണി മുതൽ ശീതളം പാനീയ ഷോപ്പ് വരെ - പാലോട്ടുകോണം.

സംസ്ഥാനത്തിന് പുറത്തും നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ നടന്നുവരുന്നു. ഇന്ന് വൈകുന്നേരം ന്യൂഡൽഹി കൽകാജി മെട്രോ സ്റ്റേഷന് സമീപമുള്ള റെയിൻ ബസേര അഗതി മന്ദിരത്തിൽ അന്നദാനം നടത്തും. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വിഭവസമാഹരണത്തിന് ഇന്ന് മുതൽ തുടക്കമാകും. ശാന്തിഗിരി ശാന്തിമഹിമ - ഗുരുമഹിമ ക്യാമ്പുകളും വിവിധ ഏരിയകളിൽ നടന്നു വരുന്നു. മെയ് 6 നവഒലിജ്യോതിർദിനം സംബന്ധിച്ചുള്ള ഡിപ്പാർട്ട്മെന്റ് തല ഒരുക്കങ്ങളും പൂർത്തിയായി വരുന്നു.

## ആറ്റിങ്ങലിൽ ഉയർന്ന പോളിംഗ്

**കോലിയക്കോട് :** ശാന്തിഗിരി ആശ്രമം ഉൾപ്പെടുന്ന ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ പോളിംഗ് ശതമാനം ഉയർന്നു. ഇത്തവണ 74.23 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇത് 68.71 ആയിരുന്നു. സ്ത്രീകളാണ് കൂടുതലായി വോട്ട് ചെയ്തത്.

ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവർ കോലിയക്കോട് ഗവ.യു.പി.എസിലെത്തി തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചു. തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി ജില്ലകളിലെ ആശ്രമം ബ്രാഞ്ചുകളിൽ നിന്നുമുള്ള സന്ന്യാസിമാരും കേന്ദ്രാശ്രമത്തിൽ എത്തിയിരുന്നു. ഗൃഹസ്ഥാശ്രമ സംഘത്തിലെ പ്രവർത്തകരും രാവിലെ മുതൽ വോട്ട് ചെയ്യാനായി എത്തിയിരുന്നു.

വോട്ടിംഗ് ശതമാനം ഉയർന്നതുകൊണ്ട് ശുഭപ്രതീക്ഷയിലാണ് പ്രധാന മുന്നണികളെല്ലാം. എൽ.ഡി.എഫിലെ ഡോ. എ.സമ്പത്ത്, യു.ഡി.എഫിലെ അഡ്വ.അടൂർ പ്രകാശ്, ബി.ജെ.പിയിലെ ശോഭ സുരേന്ദ്രൻ തുടങ്ങിയ പ്രമുഖ സ്ഥാനാർത്ഥികൾ 6 ശതമാനം പോളിംഗ് വർദ്ധിച്ചത് അനുകൂലമാകുമെന്ന കണക്കുകൂട്ടലിലാണ്.

## 'പുണ്യവാഹിനി' ക്യാമ്പ് മെയ് 1 മുതൽ

**എജ്യൂക്കേഷൻ സോൺ :** ശാന്തിഗിരി ഗുരുമഹിമ തിരുവനന്തപുരം റൂറൽ ഏരിയയുടെ ആഭിമുഖ്യത്തിൽ പുണ്യവാഹിനി ക്യാമ്പ് മെയ് 1 മുതൽ 4 വരെ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വെച്ച് നടക്കും. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ജനനി നവപ്രിയ ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി എന്നിവർ മഹനീയ സാന്നിധ്യം വഹിക്കും. മെയ് 2ന് സ്വാമി സായൂജ്യനാഥ്




ജ്ഞാനതപസ്വി വ്യക്തിത്വ വികസന ക്ലാസ്സ് എടുക്കും. സമാപന ദിവസം സ്വാമി ജനനന്മ ജ്ഞാനതപസ്വി സംസാരിക്കും. കലാപരിപാടികൾ, പാചകക്ലാസ്സ്, കർമ്മം എന്നിവ ക്യാമ്പിന്റെ ഭാഗമായി നടക്കും.



# ഗുരുവാണി

മാനവചരിത്രം എടുത്തുനോക്കിയാൽ, ഏതൊരാളും കഴിഞ്ഞു പോകുന്നത് ഒരു സ്വരൂപത്തിനുള്ളിൽ ഒതുങ്ങിനിന്നു കൊണ്ടാണ്. ഒരു സ്ഥലത്തിന്റെ സ്വരൂപം, ഒരു ആശ്രമത്തിന്റെ സ്വരൂപം അങ്ങനെ അഖിലവും സ്വരൂപം തന്നെ. നമ്മുടെ വിഷയം ഈ സ്വരൂപം എങ്ങനെ മുടിയും എന്നതാണ്. ത്രിപുടി മുടിഞ്ഞാൽ സ്വരൂപദീപം തെളിയുമെന്നാണല്ലോ. അതായത് ത്രിപുടിയായിരിക്കുന്ന കർമം മുടിഞ്ഞ് ജീവന്റെ അന്ത്യത്തിൽ സ്വരൂപമായിരിക്കുന്ന ദീപം തെളിയണം. ത്രിപുടി എന്നു പറയുമ്പോൾ ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാർ എന്നാണ് നമ്മുടെ ധാരണ. ആ ധാരണപോലെയല്ല യാഥാർത്ഥ്യം. ത്രിപുടി അനേക തരത്തിലുണ്ട്. ത്രിപുടിമുടിഞ്ഞാൽ തെളിയുന്ന ദീപവും അനേകതരത്തിലുണ്ട്. അത് അനുഭവത്തിൽ നിന്നേ നിർണയിക്കാനാവൂ.

അരൂപസ്വരൂപനായിരിക്കുന്ന, അല്ലെങ്കിൽ ഓങ്കാരസ്വരൂപനായിരിക്കുന്ന സാക്ഷിപൂർത്തി എന്നു പറയാറുണ്ട്. അത് കൃഷ്ണനെയും രാമനെയും ചേർത്തും പറയുന്നു. സകല ദേവീദേവന്മാരെയും ചേർത്തു പറയുന്നു. 'ഓം തത് സവിതുർ വരേണ്യം ഭർഗോ ദേവസ്യ ധീമഹി..........' ഇവിടെയും സ്വരൂപം ചേർത്തു പറയുന്നു. 'ഓം സ്വരൂപ' ഇതിനെ ചിലർ അർത്ഥം പറഞ്ഞ് നീക്കിക്കളയും. അർത്ഥം പറഞ്ഞ് നീക്കുകയല്ല വേണ്ടത്. അർത്ഥം പറഞ്ഞ് അരൂപസ്വരൂപത്തെ നീക്കിക്കളയുന്നതെങ്ങനെ? ഗായത്രീമന്ത്രത്തിനുപോലും സ്വരൂപമുണ്ട് എന്നുകണ്ടു. പിന്നെ ഏതിനാണ് അർത്ഥം പറഞ്ഞ് സ്വരൂപമില്ലാതാക്കുന്നത്? അതുകൊണ്ട് അങ്ങനെയൊരു കല്പിതഭാഷ്യമല്ല വേണ്ടത്. ഭക്തി വളർന്നിട്ട്, ഭക്തിയിലൂടെ സ്വരൂപം വളർന്നിട്ട്, അങ്ങനെ ആയിരക്കണക്കിന് അവസ്ഥ വന്നുചേരും. ഈ അവസ്ഥാന്തരങ്ങളിൽ പലേടത്തുവച്ചും അപഭ്രംശം വന്നുചേരും. എന്റെ അടുത്തു നിൽക്കുന്ന ഒരാളോട് എന്റെ രൂപത്തിൽ വന്നുനിന്നിട്ട് ധന്വന്തരം കുഴമ്പ് തലയിൽ തേക്കാൻ പറഞ്ഞ്, തേച്ച് നീരുവന്നു. ഇതിനെന്തു പറയും? ഗുരുവാണ് പറഞ്ഞത് എന്നുള്ള കരുതൽ ഏറ്റവും ആവശ്യം. പക്ഷേ ഗുരുവാക്കിനെ തിരിച്ചറിയാൻ വയ്യാതിരുന്നാൽ? അങ്ങനെ തികഞ്ഞ ദൃഷ്ടാന്തത്തോടുകൂടി തിരിച്ചറിയാൻ അനവധികാലം പിടിക്കും. ചെറിയ രീതികൾ കൊണ്ടൊന്നും തിരിച്ചറിയാൻ ഒക്കുകയില്ല: സകലചരാചരങ്ങളിലും ഈ ഗുരു എത്തിച്ചേർന്നിരിക്കുന്നത്, സകലസ്വരൂപത്തിലും എത്തിച്ചേർന്നിരിക്കുന്നത്, അവസ്ഥാന്തരങ്ങൾ താണ്ടി, ഓരോന്നോരോന്നായി അറിയണം. അപ്പോൾ ഒരു സാക്ഷിപൂർത്തി അരൂപസ്വരൂപിയായി മാറുന്നത് ശിഷ്യൻതന്നെ കാണുകയാണ്. അതായത് അരൂപസ്വരൂപമായി കണ്ടിട്ട് അരൂപത്തിൽ സ്വരൂപം കാണുകയാണ്. എന്നാൽ രൂപമുണ്ടുതാനും. മൃഗതൃഷ്ണപോലെ - മരീചികപോലെ. ചുരുക്കത്തിൽ അരൂപസ്വരൂപമായി നിൽക്കുന്ന ഏതെല്ലാം വസ്തുക്കളുണ്ടോ അതിലെല്ലാം ഗുരു! ഗുരു എന്ന സങ്കൽപം ഇതാണ്.

നിങ്ങൾക്ക് ഒരു ദോഷമുണ്ട്. ഞാനിതൊക്കെ അറിഞ്ഞതാണ്, അറിഞ്ഞു കളഞ്ഞതാണ് എന്നൊക്കെ നിസ്സാരമായി തള്ളിക്കളയുന്ന ഒരു പ്രവണത. ഗുരു എന്ന ഈ പൂർണമായ സങ്കൽപം നിങ്ങൾ അറിഞ്ഞതും എടുത്തതും കളഞ്ഞതുമൊന്നുമല്ല. ഗുരുവിന്റെ രൂപഭേദങ്ങൾ എത്രയോ കോടിക്കണക്കിന് മാറിമാറി വന്നിരിക്കുന്നു. മനുഷ്യന്റെ വൈഭവത്തിനൊത്ത് കാലദേശമാനങ്ങളെ കടന്നുനിൽക്കുന്ന ഒന്നിനെക്കണ്ടാൽ, ങാ, ഇതു പഴയകാലത്തു കണ്ടതുപോലെ അല്ല എന്നുപറഞ്ഞ് ദൂരെക്കളഞ്ഞാൽ എന്തു ചെയ്യും? ഈ ധാരണ അറിവിന്റെ കുറവുകൊണ്ടാണ്. സകലവിഷയങ്ങളിലുമുണ്ട് അറിവിന്റെ ഈ കുറവ്. അതുകൊണ്ട് സകല അറിവുകളും ഗുരുവിൽനിന്ന് സ്വായത്തമാക്കണം. അണുമുതൽ അഖണ്ഡംവരെയുള്ള കോടാനുകോടി സ്വരൂപങ്ങളിൽ അതാതിന്റേതായ അറിവാണ് അടങ്ങിയിരിക്കുന്നത്. ഇതെങ്ങനെ അറിയാൻ കഴിയും? അത് അനുഭവസ്ഥരിൽക്കൂടി അറിയണം. അങ്ങനെ കണ്ടറിയുന്ന അറിവാണ് ഇവിടെയുള്ളത്. ഏറ്റവും ചെറുതുമുതൽ ഏറ്റവും വലുതുവരെ ഏതെല്ലാം വസ്തുക്കളുണ്ടോ, സ്വരൂപമെന്ന വസ്തുതയുണ്ടോ അതിലെല്ലാം ഗുരുവെക്കാണുക. അങ്ങനെ കാണപ്പെടുന്ന ഗുരുവാണ് അരൂപസ്വരൂപി.

അപ്പോൾ തന്റെ ആ രൂപത്തിനകത്ത് ഗുരു 'സ്വരൂപ'മായി അണഞ്ഞുനിൽക്കുന്നു. തനിക്ക് എന്തെല്ലാം വിചാരഭാവനകളുണ്ടോ ആ സ്വഭാവത്തിൽ ഗുരുവെ കാണിക്കും. രൂപനാമങ്ങൾ ലയിച്ച് ശബ്ദാദിരൂപത്തിൽ നിൽക്കുന്ന ഏതെല്ലാമുണ്ടോ അതെല്ലാം ഗുരുവിൽ അണഞ്ഞു നിൽക്കുന്നു.

## വചനദീപ്തി

*സൂക്ഷ്മാവസ്ഥ അന്വേഷിച്ചു മനസ്സിലാക്കാതെ കേട്ടതെല്ലാം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യരുത്.*

**ഖുർ-ആൻ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

04.05.2019 - **ജ്യോതിപുരം**

05.0.2019 - **കരുണപുരം**

## യാമപ്രാർത്ഥന

2019 മെയ് 02 :- 9 AM- PM

പ്രകാശപഥം

# യാമസന്ധ്യകളിൽ ഉണരും ചെമ്പരത്തിപ്പൂക്കൾ

ഋതുഭേദങ്ങൾ വഴിമാറി നിൽക്കുന്ന യാമസന്ധ്യകളിൽ ഉണരും ചെമ്പരത്തിപ്പൂക്കൾ. ആ രോമാഞ്ചഭംഗിയിൽ നിർനിമേഷരായി നിശ്ചലരായി നിന്നുപോകുന്ന ഭക്തിയുടെ സുഗന്ധചാരുത അറിയുന്ന മുഹൂർത്തം. ആ ശുഭമംഗളനിമിഷത്തിന്റെ സംഗമരഥ്യയിൽ അണയുന്ന ഗുരുശിഷ്യബന്ധം. ജന്മജന്മാന്തരപ്പടവുകളും കർമശ്രേണിയിൽ ഒതുങ്ങിയും ഒതുങ്ങാതെയും ചിരകാലബാഷ്പാമൃതമായി ഉള്ളിൽ മായാത്ത മഹിമയായി ഉള്ളിൽ നിറഞ്ഞൊഴുകുന്ന ആനന്ദരൂപം. തന്റെ മുൻപിൽ അനുഭവസാക്ഷിയായി നിൽക്കുന്ന കപടതയില്ലാത്ത (ത്രിപുടി മുടിഞ്ഞിടുന്ന) സന്ന്യാസതേജോരൂപം! ബ്രഹ്മനിശ്ചയത്തിന്റെ കരുതൽ! തന്നെത്തന്നെ മറന്ന് അതിൽ അണയുന്ന ഗുരുശിഷ്യബന്ധം. എല്ലാവർക്കും എന്നും നമിക്കാൻ ദൈവനിശ്ചയം ഒരുക്കിത്തന്ന നിശ്ചയമായി മാറുന്ന ഗുരുരൂപം.

ചേതോവികാരചപലതകൾക്ക് അപ്പുറത്തേക്ക് തിങ്ങിവിങ്ങുന്ന അനുഭവത്തിന്റെ തടസ്സമില്ലാത്ത സുകൃതവീഥികൾ. അതിൽ സഞ്ചരിക്കുമ്പോൾ സഞ്ചിതകർമമെന്നുതോന്നുന്ന എന്തും പൊട്ടിച്ചുകളയാൻ ധൈര്യം പൂണ്ടുനിൽക്കുന്ന മനഃസാക്ഷി. ആ സ്വത്ത് നേടിയെടുക്കുന്ന പുണ്യഭാഗ്യങ്ങളുടെ പാതയിൽ എണ്ണിയാൽ ഒടുങ്ങാത്ത ഗുരുമഹിമ കരതലാമലകമായി മാറുന്ന കാഴ്ച, ദർശനമെന്ന സത്യത്തിന്റെ വഴിയാണ്. യോഗിയെന്തെന്നും ജ്ഞാനിയെന്തെന്നും ഋഷിയെന്തെന്നും ഭക്തനെന്തെന്നും കണ്ടറിയുന്ന നിദാനങ്ങളുടെ രൂപഭാവഭേദങ്ങൾ ആദിമഹസ്സിന്റെ സങ്കല്പരൂപത്തിലും തിങ്ങിവിളങ്ങുന്ന ഈശ്വരകോടികളായി മാറുന്നു. ഇത് അറിഞ്ഞെടുക്കാനുള്ള ഭാഗ്യം, ഗുരുശിഷ്യബന്ധത്തിലൂടെ ഞൊടിയിടകൊണ്ട് കിട്ടുന്ന ഭാഗ്യത്തിലൂടെ എടുത്ത ആ നിശ്ചയം ഇങ്ങനെ പറയുന്നു: "മറ്റെല്ലാവരെയും കാണിച്ചുതന്നിട്ടും പടച്ചോൻ നിന്നെ മാത്രം കാണിച്ചു തന്നില്ലല്ലോ. നീ ഏറ്റവും വലിയവൻ. നീ ആരാണെന്ന് നീ അറിയുന്നില്ല. നിന്റെ കാലശേഷം നിന്നെ എല്ലാവരും അറിയും."

ആ വാക്കിൽ ഒതുങ്ങിനിൽക്കുന്ന കാരുണ്യത്തിന്റെ നിയതി ഒഴുക്കും സുകൃതാൽസുകൃതബന്ധങ്ങൾ അണപൊട്ടിയൊഴുകുന്ന ദൈവകാരുണ്യത്തിന്റെ വിളംബരം ആർക്കും തടഞ്ഞുനിർത്താനാവാത്ത ഒന്നിന്റെ കരുതലായി നിൽക്കുന്നു. അതാണ് നാം സ്വയം അറിയുന്ന ഗുരുലഘുത്വം.

മന്വന്തരമെന്ന കാലവീഥിയിൽ ഒതുങ്ങി വിളങ്ങി നിൽക്കുന്ന എണ്ണമറ്റ ഗുരുക്കന്മാരും ദീർഘദർശിയും ദീർഘമായ ദർശനപാതയും അങ്ങയിൽ നൊമ്പരത്തിന്റേയും സ്നേഹത്തിന്റേയും പുതപ്പ് ഒരുപോലെ അണിയിച്ചൊരുക്കിയ തൂവെളിച്ചമായി മാറുന്ന അനുഭവസിദ്ധാന്തത്തിന്റെ കാതൽ. അങ്ങ് എപ്പോഴും എല്ലാവർക്കും അനുഭവമായി മാറുന്നു. സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം യുഗധർമത്തിന്റെ പുണ്യാതിരേകമായി വിളങ്ങുന്ന ബ്രഹ്മനിശ്ചയം – അങ്ങയെ കണ്ടറിയുന്ന സത്യം.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സംസ്കാരത്തിന്റെ ചൈതന്യം

ചെറിയ മനസ്സുകളിൽ ചെറിയ കാര്യങ്ങൾ വലിയ ക്ഷോഭം ഉളവാക്കുന്നു. പരസ്പരവിശ്വാസവും പരിസരബോധവും നഷ്ടപ്പെടുകയാണെങ്കിൽ ഈ ക്ഷോഭം വികാരങ്ങളുടെ ചുഴലിക്കാറ്റുകളും കൊടുങ്കാറ്റുകളും ഇളക്കിവിടുന്നു. ഈ കാറ്റുകളിൽ ഉടഞ്ഞുതകരുന്നതും പറന്നു നഷ്ടപ്പെടുന്നതും മാനുഷികമൂല്യങ്ങളാണ്. അലക്ഷ്യമായി എറിയുന്ന ഒരു തീപ്പൊരി അഗ്നിബാധയ്ക്കു കാരണമായെന്നു വരാം. ദുഷ്ടലക്ഷ്യത്തോടുകൂടി തീ ആളിക്കത്തിച്ചാൽ സർവനാശമാണു ഫലം. സങ്കുചിത താൽപര്യങ്ങളും ദുഷ്ടലക്ഷ്യങ്ങളും മനസ്സിൽ ഒളിപ്പിച്ചുവച്ച്, സമൂഹസേവനത്തിന്റെ പുറംപൂച്ചുകാണിച്ചു നടക്കുന്നവരിൽ നിന്നും സമൂഹത്തിന് ഇന്നോളം ദോഷംമാത്രമേ വന്നിട്ടുള്ളൂ. ഇതു ചരിത്രമാണ്. എന്നാൽ ബുദ്ധിശക്തി അവകാശപ്പെടുന്നവർ പോലും ഇത്തരം കള്ളക്കളികളുടെ ഉള്ളിലിരിപ്പു മനസ്സിലാക്കാതെ പോകുന്നു എന്നത് ആശ്ചര്യകരമായിരിക്കുന്നു.

സ്നേഹത്തിനും വിട്ടുവീഴ്ചയ്ക്കും ഇടമില്ലാത്ത വ്യാവഹാരികജീവിതം സംഘർഷങ്ങൾക്കു വഴിയൊരുക്കുന്നു. ഏറ്റുമുട്ടലുകൾക്ക് ഉപാധിയായി എന്തും സ്വീകരിക്കാം എന്ന നിലപാടിലാണിന്നു ലോകം. ജാതി, മതം, രാഷ്ട്രീയം, ദേശീയത, പ്രാദേശികവാദം, ഭാഷാഭിമാനം ഇതിലേതെങ്കിലും ഒന്നു മതി ആവേശം ഇളക്കിവിടാൻ. കാര്യങ്ങൾ അൽപമൊന്നു വളച്ചൊടിച്ച് ദുർവ്യാഖ്യാനം ചെയ്താൽ ജനരോഷം ആളിക്കത്തുകയായി. ഈ ആവേശങ്ങൾ ഉയർത്തുന്ന ആർപ്പുവിളികളും വെല്ലുവിളികളും പലപ്പോഴും വൈകാരികമായി മനസ്സിന്റെ സമനില തെറ്റിയതിന്റെ ലക്ഷണമോ കാരണമോ ആകാം. സ്നേഹത്തിലൂടെ സുഖദുഃഖങ്ങൾ പങ്കുവച്ച് ശാന്തരായി സൗഹൃദഭാവത്തോടും സാഹോദര്യത്തോടുംകൂടി ജീവിക്കുന്ന ജനങ്ങൾ, വിഭാഗീയചിന്തകൾ വഴിവിട്ടുണർന്നുയരുമ്പോൾ പൈശാചികഭാവം കൈക്കൊണ്ട ചരിത്രത്തിനു വളരെപ്പഴക്കമില്ല. സാമൂഹികവും രാഷ്ട്രീയവുമായ ഇത്തരം പ്രവണതകൾ പണ്ടു മുതൽക്കേ ഏറിയും കുറഞ്ഞും നിലനിന്നിരുന്നുവെന്നും കാണാവുന്നതാണ്. എന്നാൽ പരിഷ്കൃതരെന്നു സ്വയം അഭിമാനിക്കുന്ന ജനങ്ങൾക്ക് ഈ ഭീഷണമായ വൈകാരിക വിസ്ഫോടനം ഭൂഷണമല്ല തന്നെ.

ശാന്തിസങ്കൽപ്പത്തിന്റെ പ്രസക്തി ശാശ്വതമാണ്. എന്നിരുന്നാലും ഇന്നത് കൂടുതൽ പ്രസക്തമായിരിക്കുന്നു. സ്നേഹം, കാരുണ്യം, ത്യാഗം എന്നീ സത്ഗുണങ്ങൾ എന്നുമെന്നപോലെ ഇന്നും പ്രസക്തമാണ്. ഈ സന്ദർഭത്തിൽ ഒരു കാര്യം സ്മരണയിൽ വരുന്നു. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ചരമവാർഷികം 20-07-92-ൽ തിരുവനന്തപുരത്ത് സമുചിതമായി ആഘോഷിക്കപ്പെട്ടു. സർക്കാർ ആഭിമുഖ്യത്തിൽ വിവിധ പ്രസ്ഥാനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അന്നദാനം, ശാന്തിയാത്ര, അനുസ്മരണ സമ്മേളനം എന്നിവ നടത്തപ്പെട്ടു. ശാന്തിഗിരി ആശ്രമം അതിന്റെ സാമൂഹികസാംസ്കാരിക പ്രതിബദ്ധതയെ പുരസ്കരിച്ച് ഈ പരിപാടികളിൽ സജീവമായി സഹകരിച്ചു. ആശ്രമത്തിന്റെ വകയായി വിഭവസമൃദ്ധമായ അന്നദാനം നിർവഹിക്കപ്പെട്ടു. സർവജാതി മതസ്തരും സഹോദരഭാവനയോടുകൂടി അതിൽ പങ്കെടുത്തു. ചുറ്റിലും വിദ്വേഷത്തിന്റെയും വിഭ്രാന്തിയുടെയും അന്തരീക്ഷം നിലനിൽക്കേ, അന്നദാനം നടന്ന കാർത്തികതിരുനാൾ തിയേറ്ററും പരിസരവും ശാന്തിയുടേയും സാഹോദര്യത്തിന്റെയും ഒരു സംരക്ഷിതമേഖലയായിക്കാണപ്പെട്ടു. മനുഷ്യനന്മയുടെ അന്തിമവിജയത്തിന്റെ പ്രതീകമായി വർത്തിച്ച ആ അനുഭവം ധാർമിക ചിന്തനത്തിന് സദ്പ്രേരണ നൽകാൻ പര്യാപ്തമെന്ന നിലയിൽ സ്മരണയിൽ നിൽക്കുന്നു. ചരിത്രപരമായ ഒരു കടമയുടെ നിർവഹണം കൂടിയായിരുന്നു അത്.

സ്നേഹകാരുണ്യങ്ങൾക്കു പകരംനിൽക്കാൻ മറ്റൊന്നില്ല എന്നു മനുഷ്യർ മനസ്സിലാക്കാൻ ഇനിയും വൈകിക്കൂടാ. വന്നു പോയ തെറ്റുകൾ പരസ്പരം പൊറുത്ത്, ദൈവനാമത്തിൽ, മനുഷ്യർ സഹോദരഭാവനയിലൂടെ, നന്മയുടേതായ ഒരു ജീവിതശൈലി സ്വീകരിക്കാൻ സമയം ഇനിയും വൈകിയിട്ടില്ല. എല്ലാ സഹോദരങ്ങളുടേയും ശ്രദ്ധ ഈ നന്മയിലേക്കു ക്ഷണിച്ചുകൊള്ളട്ടെ.




*പാലാരിവട്ടം ബ്രാഞ്ച് വാർഷികം പി.ടി തോമസ് എം എൽ എ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം*

# വാർഷികം ആഘോഷിച്ചു

**എറണാകുളം :** ശാന്തിഗിരി ആശ്രമം പാലാരിവട്ടം ബ്രാഞ്ചിന്റെ 23-ാം പ്രതിഷ്ഠാവാർഷികം ഏപ്രിൽ 25ന് പ്രാർത്ഥനാസങ്കല്പങ്ങളോടെ ആഘോഷിച്ചു. രാവിലെ 10 മണിക്ക് നടന്ന സാംസ്കാരിക സമ്മേളനം പി.ടി.തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ലിസി ഹോസ്പിറ്റൽ ഡയറക്ടർ തോമസ് വൈക്കത്തുപറമ്പിൽ വിശിഷ്ടാതിഥിയായി. ജനനി വിജയ ജ്ഞാനതപസ്വിനി, ജനനി അഭേദ ജ്ഞാനതപസ്വിനി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ഗിരീഷ് ഇ., അനൂപ് ടി.പി., കൗൺസിലർ ജസി ജേക്കബ്ബ്, പി.കെ. വേണുഗോപാലൻ, സതീശൻ ആർ., അഡ്വ.സന്തോഷ്കുമാർ കെ.സി., ഡോ. കിഷോർ രാജ്, അഡ്വ. ചന്ദ്രലേഖ തുടങ്ങിയവർ സംസാരിച്ചു. വൈകുന്നേരം ദീപപ്രദക്ഷിണം നടന്നു.

# സപ്തതി ആദരവ്

**സ്പിരിച്വൽ സോൺ :** സപ്തതിയിലെത്തിയ വി.എൻ.ഗോപാലകൃഷ്ണനെയും എം.കെ കൗസല്യാമ്മയെയും ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 25 ന് ആദരിച്ചു. ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി ഉപഹാരം നൽകി. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി എന്നിവരും ഗൃഹസ്ഥാശ്രമസംഘം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരും കോർഡിനേറ്റർമാരും ചടങ്ങിൽ പങ്കെടുത്തു.

ഇടുക്കി തൊടുപുഴ മൂലമറ്റം സ്വദേശിയായ വി.എൻ. ഗോപാലകൃഷ്ണൻ 1989ൽ ആശ്രമത്തിലെത്തി. റിട്ട.പഞ്ചായത്ത് സെക്രട്ടറിയാണ്. ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ജനറൽ മാനേജരായി പ്രവർത്തിക്കുന്നു. ആശ്രമം എൽ.ഐ.ജി. ക്വാർട്ടേഴ്സിലാണ് താമസം.

ഭാര്യ : കെ.എൻ.സുലേഖ. മക്കൾ : ഡോ.ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനി, ഹരികൃഷ്ണൻ ജി.

ആലപ്പുഴ ചന്ദിരൂർ ചിറ്റേക്കാട്ട് കുടുംബത്തിലെ ദിവംഗതനായ സി.എസ് രാജന്റെ സഹധർമ്മിണിയാണ് എം.കെ കൗസല്യ. ആശ്രമം എൽ. ഐ. ജി. ക്വാർട്ടേഴ്സിലാണ് താമസം. മക്കൾ : സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, സിന്ധു സി.ആർ, ബിന്ദു സി.ആർ. മരുമക്കൾ : തങ്കച്ചൻ, ഹരിദാസ് പി.



*വി.എൻ.ഗോപാലകൃഷ്ണനെ ആദരിക്കുന്നു*



*എം.കെ കൗസല്യാമ്മയെ ആദരിക്കുന്നു*

# 'ശാന്തി' മൂല്യ നൈപുണ്യ വികസന ക്യാമ്പ്

**എഡ്യൂക്കേഷൻ സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം നടത്തിവരുന്ന 'ശാന്തി' മൂല്യ നൈപുണ്യ പദ്ധതിയുടെ ഭാഗമായി സപ്തദിനക്യാമ്പ് സംഘടിപ്പിക്കുന്നു. മെയ് 8ന് ആരംഭിക്കുന്ന ക്യാമ്പ് പ്രശസ്ത ട്രെയിനറായ ബ്രഹ്മനായകം മഹാദേവൻ നയിക്കും. ഗുരുകാന്തി കുട്ടികൾക്ക് ഫീസ് സൗജന്യമാണ്. ക്യാമ്പിൽ പങ്കെടുക്കാൻ താത്പര്യമുള്ള കുട്ടികൾ രക്ഷാകർത്താവിനോടൊപ്പം മെയ് 5ന് മുമ്പായി ഗൃഹസ്ഥാശ്രമസംഘം ഓഫീസിലെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മെയ് 15 മുതൽ 19 വരെ ഗുരുകാന്തി ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.



*ഭഗത് സിംഗ് കോഷ്യാരി ആശ്രമം സന്ദർശിച്ചപ്പോൾ*

# ഭഗത് സിംഗ് കോഷ്യാരി ആശ്രമം സന്ദർശിച്ചു

**സ്പിരിച്വൽ സോൺ :** ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയും നിലവിലെ പാർലമെന്റ് അംഗവുമായ ഭഗത് സിംഗ് കോഷ്യാരി ഏപ്രിൽ 23ന് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. അഭിവന്ദ്യശിഷ്യപൂജിതയുടെ ദർശനം നടത്തി. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ.കെ. ഗോപിനാഥൻ പിള്ള, രാജീവ് ദേവരാജ്, രാധാകൃഷ്ണൻ ആർ. എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു.



*വേൾഡ് യോഗ കമ്മ്യൂണിറ്റി സ്ഥാപകൻ ഗുരു ദിലീപ്ജി മഹാരാജ് ശാന്തിഗിരി ആശ്രമം സന്ദർശിച്ചപ്പോൾ*

# ദിവംഗതരായി

**തിരുവനന്തപുരം :** ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ ശ്രീഗുരുവിൽ കെ.പി. മുരളീധരൻ (69) ഏപ്രിൽ 26ന് ദിവംഗതനായി. സംസ്കാരം നടന്നു. ദീർഘകാലം ശാന്തിഗിരി വിശ്വ സാംസ്കാരിക നവോത്ഥാന കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചിരുന്നു. ഭാര്യ: പ്രഭ. മകൻ :രാജേഷ് എം.പി. (സീനിയർ മാനേജർ, എസ്റ്റേറ്റ്സ് ആന്റ് അസ്സറ്റ്സ്, ശാന്തിഗിരി ആശ്രമം) മരുമകൾ : ഗായത്രി ഗംഗ.



കെ.പി. മുരളീധരൻ

**മെഡിക്കൽ കോളേജ് :** ഇലഞ്ഞിമൂട് പഞ്ചമിയിൽ പി.സുധാദേവി (76) ഏപ്രിൽ 20ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് ദിവംഗതനായ ആർ.മാധവൻ. മക്കൾ : ദിവംഗതയായ രമണി മാധവൻ, രാജീവ് മാധവൻ (അഡീഷണൽ ജനറൽ കൺവീനർ, അഡ്വൈസറി കമ്മിറ്റി, ശാന്തിഗിരി ആശ്രമം), രാഹുൽ മാധവൻ. മരുമക്കൾ : പി.ജയകുമാർ, പൗർണമി രാജ്, രൂപാറാണി.



പി.സുധാദേവി

# തങ്ങാലൂർ ബ്രാഞ്ച് വാർഷികം ഇന്ന്
# ഏപ്രിൽ 30ന് തെയ്യാല ബ്രാഞ്ച് വാർഷികം

**തൃശ്ശൂർ/മലപ്പുറം :** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രതിഷ്ഠ നടന്ന രണ്ട് പ്രാർത്ഥനാലയങ്ങളുടെ വാർഷികം ഏപ്രിൽ 28നും 30നുമായി വിപുലമായി ആഘോഷിക്കുന്നു. ശാന്തിഗിരി ആശ്രമം തങ്ങാലൂർ ബ്രാഞ്ചിന്റെ വാർഷികം ഇന്ന് നടക്കും. രാവിലെ 6 മണിക്ക് ആരാധന, പുഷ്പസമർപ്പണം. 10 മണിക്ക് സാംസ്കാരിക സമ്മേളനം. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം അനിൽ അക്കര എം.എൽ.എ. ഉദ്ഘാടനം ചെയ്യും. കേന്ദ്രസാഹിത്യ അക്കാദമി ഉപദേശകസമിതി അംഗവും തൃശ്ശൂർ പബ്ലിക് ലൈബ്രറി പ്രസിഡണ്ടുമായ ഡോ.പി.വി. കൃഷ്ണൻ നായർ മുഖ്യപ്രഭാഷണം നടത്തും. തങ്ങാലൂർ നിത്യസഹായമാതാ ചർച്ച് വികാരി ഫാ.ജോവി കുണ്ടുകുളം, തൃശ്ശൂർ എസ്.ഐ.എസ്. സാന്ത്വനം മഹൽ ഇമാം ബഷീർ അശ്റഫി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യം വഹിക്കും. എസ്.കെ പൊറ്റക്കാട്ട് – ബഷീർ പുരസ്കാര ജേതാവ് അനിൽ ചേർത്തല, നാസിക് നാഷണൽ മാസ്റ്റേഴ്സ് മത്സര ജേതാവ് ധന്യ രാമചന്ദ്രൻ എന്നിവരെ ആദരിക്കും. അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ബാബു, ഡി.സി.സി. വൈസ് പ്രസിഡന്റ് രാജേന്ദ്രൻ അരങ്ങത്ത്, ബി.ജെ.പി. നിയോജകമണ്ഡലം പ്രസിഡന്റ് ഗിരീഷ് കുമാർ കെ., രഘുനന്ദൻ എ.എൻ., ചന്ദ്രശേഖരൻ എ.ജി., സത്യൻ റ്റി.ആർ., ഡോ. ഭദ്രൻ കെ.ബി., രാജൻ സി.എസ്., കൃഷ്ണദാസ് പി.സി., ജയലക്ഷ്മി സി.കെ., ബിനോജ് എം.ആർ., ഡോ.ചൈതന്യ കെ.പി., വൈഷ്ണവ് വി.എൽ. എന്നിവർ സംസാരിക്കും. വൈകുന്നേരം 6 മണിക്ക് നടക്കുന്ന ദീപപ്രദക്ഷിണത്തോടെ പരിപാടികൾ സമാപിക്കും.



ശാന്തിഗിരി ആശ്രമം തങ്ങാലൂർ ബ്രാഞ്ച്



ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ച്

ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ചിന്റെ വാർഷികം ഏപ്രിൽ 30ന് ആഘോഷിക്കും. രാവിലെ 5 മണിക്ക് പ്രാർത്ഥനയോടെ പരിപാടികൾ ആരംഭിക്കും. 6 മണിക്ക് ആരാധന, പുഷ്പസമർപ്പണം. 10 മണിക്ക് സാംസ്കാരിക സമ്മേളനം. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. മുൻ മന്ത്രി പി.കെ.അബ്ദുറബ്ബ് എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യം വഹിക്കുന്ന ചടങ്ങിൽ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാരെ ആദരിക്കും.

സ്വാമി മനുചിത് ജ്ഞാനതപസ്വി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുസ്തഫ പനയത്തിൽ, ബി.ജെ.പി. ദേശീയകൗൺസിൽ അംഗം കെ. ജനചന്ദ്രൻ മാസ്റ്റർ, സാമൂഹിക ക്ഷേമവകുപ്പ് മുൻ ചെയർപേഴ്സൺ ഡോ. ഖമറുന്നിസ അൻവർ, നൗഷാദ് ഉസ്താദ്, എൻ.പുരുഷോത്തമൻ, വി.എ. മോഹനൻ, ഇ.കെ.ലേഖ, ടി. ആശാദാസ് തുടങ്ങിയവർ പങ്കെടുക്കും. വൈകുന്നേരം 7 മണിക്ക് ദീപപ്രദക്ഷിണം ഉണ്ടായിരിക്കും. രാത്രി 9 മണി മുതൽ കലാപരിപാടികൾ നടക്കും.



ശാന്തിഗിരി ആശ്രമം രാമക്കൽമേട് ബ്രാഞ്ചിലേക്കുള്ള ആറ്റിങ്ങൽ ഏരിയയുടെ സമർപ്പണം നടക്കുന്നു

## വിവാഹിതരായി



ജ്യോതിപുരം നെല്ലിക്കാട് പുഷ്പത്തിൽ പി. രഘുവിന്റെയും ഷീബ രഘുവിന്റെയും മകൻ ആർ.എസ്. നിത്യനും എറണാകുളം ഇടക്കൊച്ചി ഹലിൻകുമാറിന്റെയും പ്രിയ ഹലിൻകുമാറിന്റെയും മകൾ കെ.എച്ച്. ജ്യോതിലക്ഷ്മിയും ഏപ്രിൽ 21ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.


ഗുരുചരണം ശരണം

ASHOKA

GENTS & LADIES
BEAUTY PARLOUR
POOLANTHARA
PH : 9446173794





TRIVANDRUM
TOPS & NIGHTIES
Ladies & Kids
Poolanathara, Santhigiri P.O
9446611030










Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala